**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3302** **08/11/2019- ൽ മറുപടിയ്ക്ക്**

**ഇതര സംസ്ഥാന പച്ചക്കറികളിലെ കീടനാശിനിയുടെ അളവ് പരിശോധിക്കാൻ നടപടി**

**ചോദ്യം**

**ശ്രീ.രാജു എബ്രഹാം**

**ഉത്തരം**

**ശ്രീ. വി.എസ്. സുനിൽ കുമാർ**

**(കൃഷി വകുപ്പ് മന്ത്രി)**

(എ) ഇതരസംസ്ഥാനങ്ങളിൽനിന്നും കീടനാശിനികളും വിഷാംശവും കലർന്ന പച്ചക്കറികൾ കേരളത്തിലേക്ക് എത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കഴിഞ്ഞ ഒരു വർഷത്തിനിടെ ഇത്തരത്തിലുള്ള എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; കുറ്റക്കാർക്കെതിരെ എന്തൊക്കെ ശിക്ഷാ നടപടികളാണ് സ്വീകരിച്ചത്; വ്യക്തമാക്കാമോ;

(എ) ഉണ്ട്. ഇതര സംസ്ഥാനങ്ങളിൽ നിന്നും കീടനാശിനികളും വിഷാംശവും കലർന്ന പച്ചക്കറികൾ കേരളത്തിലേക്ക് എത്തുന്നത് സംബന്ധിച്ച് കേസുകൾ രജിസ്റ്റർ ചെയ്യുന്നതിനും, കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതും ഭക്ഷ്യ സുരക്ഷാ വകുപ്പാണ്. ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്നതുൾപ്പെടെയുള്ള പച്ചക്കറികൾ പരിശോധിക്കുന്നതിനായി സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ വകുപ്പ് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ ഒരു വർഷക്കാലയളവിൽ 258 പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തിയതിൽ രണ്ട് സാമ്പിളുകളിൽ (കറിവേപ്പില, ക്യാരറ്റ്) കീടനാശിനിയുടെ സാന്നിദ്ധ്യം കണ്ടെത്തി. ഈ കാലയളവിൽ ഒരു പ്രോസിക്യൂഷൻ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ക്യാരറ്റിന്റെ സാമ്പിൾ റഫറൽ ലാബിൽ തുടർ പരിശോധനയിൽ Conformed to Standards ആയി റിപ്പോർട്ട് ലഭിച്ചതിനാൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

(ബി) കീടനാശിനികൾ കലർന്ന പച്ചക്കറികൾ കേരളത്തിലേക്ക് എത്താതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കീടനാശിനി കലർന്ന പച്ചക്കറികൾ കേരളത്തിലേക്ക് എത്തുന്നത് തടയാൻ ഭക്ഷ്യ സുരക്ഷാ വകുപ്പ് അതിർത്തിയിൽ പരിശോധനകൾ നടത്തുന്നുണ്ട്.

സംസ്ഥാനത്ത് കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ വെള്ളയാണി സർവ്വകലാശാലയുടെ വെള്ളയാണി കാർഷിക കോളേജ്, വെള്ളാനിക്കര ഹോർട്ടികൾച്ചർ കോളേജ്, പടന്നക്കാട് കാർഷിക കോളേജ്, എന്നിവിടങ്ങളിൽ

ആധുനിക സൗകര്യങ്ങളുള്ള കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രധാനമായും കൃഷിയിടങ്ങൾ പഴം-പച്ചക്കറി സ്റ്റാളുകൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും പഴം- പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലാബുകളിൽ പരിശോധിച്ച് പരിശോധനാ ഫലം കേരള സർക്കാർ ഔദ്യോഗിക വെബ് പോർട്ടൽ www.Kerala.gov.in -ലും കേരള കാർഷിക സർവ്വകലാശാലയുടേയും കൃഷി വകുപ്പിന്റെയും വെബ് സൈറ്റിലും പ്രസിദ്ധപ്പെടുത്തുന്നു.

(സി) കൃഷി വകുപ്പിന്റെ നേതൃത്വ (സി) ത്തിൽ ഇതരസംസ്ഥാന പച്ചക്കറികളിലെ കീടനാശി നിയുടെ അളവ് പരിശോധി ച്ചിട്ടുണ്ടോ; പരിശോധനാ ഫലം ലഭ്യമാക്കാമോ; ഇതിന്റെ അടിസ്ഥാന ത്തിൽ ഓരോ പച്ചക്കറിയി ലുമുള്ള കീടനാശിനികളുടെ അളവും അവ എത്ര ത്തോളം മനുഷ്യശരീര ത്തിന് ഹാനികരമാണ് എന്നതും വ്യക്തമാക്കാമോ?

സംസ്ഥാന കൃഷി വകുപ്പ് പഴം-പച്ചക്കറികളിൽ 'സേഫ് റ്റു ഈറ്റ്' എന്ന പദ്ധതി ഘടകം ഉൾപ്പെടുത്തി വെള്ളായണി കാർഷിക കോളേജിലെ "കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന" ലാബിൽ കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, നേരിട്ടുള്ള വിപണികൾ എന്നിവിടങ്ങളിൽ നിന്നുംപഴം, പച്ചക്കറി സാമ്പിളുകൾ (അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്നതുൾപ്പടെയുള്ള) ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന നടത്തുകയും പരിശോധന ഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ് സൈറ്റുകളിലും പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. മൂന്ന് മാസത്തിലൊരിക്കൽ ഇപ്രകാരം ഫലം പ്രസിദ്ധീകരിക്കുന്നുണ്ട്. പ്രസ്തുത ഫലത്തിൽ ഈ ഉത്പ്പന്നങ്ങളിൽ കണ്ടെത്തിയിട്ടുള്ള വിഷാംശത്തിന്റെ തോതും ഹാനികരമാകാത്ത തോതും രേഖപ്പെടുത്തിയിട്ടുണ്ട്.

Sreelatha

**സെക്ഷൻ ഓഫീസർ**